File No.LSGD-DC1/95/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

കോവിഡ് 19 - കോവിഡ് പ്രതിരോധ പ്രവർത്തന സംവിധാനങ്ങൾ കൂടുതൽ വിപുലമാക്കി ഓരോ രോഗിയിലേക്കും ശ്രദ്ധ എത്തിക്കാൻ സഹായകമായ രീതിയിൽ നിലവിലുള്ള സംഘടനാ സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.947/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/05/2021

---

പരാമർശം:- 1 20.03.2020- ലെ സ. ഉ. (കൈ) 55/2020/ത. ഭ. വ. നമ്പർ സർക്കാർ ഉത്തരവ്.

2 29.01.2021 - ലെ സ. ഉ. (സ. ധ) 242/2021/ത. ഭ. വ. നമ്പർ സർക്കാർ ഉത്തരവ്.

3 02.02.2021 - ലെ സ. ഉ. (സ. ധ) 282/2021/ത. ഭ. വ. നമ്പർ സർക്കാർ ഉത്തരവ്.

4 28.04.2021-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിന്റെ മിനിട്സ്.

5 29.04.2021-ലെ സ.ഉ.(സാധാ) 932/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

6 29.04.2021-ലെ സ.ഉ.(സാധാ) 929/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

7 02.05.2021-ലെ സ.ഉ.(സാധാ) 939/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

8 03.05.2021-ലെ സ.ഉ.(സാധാ) 944/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

പരാമർശം 1 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തലത്തിലും വാർഡ് തലത്തിലും എടുക്കേണ്ട കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദേശങ്ങളും പരാമർശം 2 പ്രകാരം വാർഡ് തല സമിതികയുടെ രൂപീകരണം സംബന്ധിച്ച നിർദേശവും നൽകിയിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തന സംവിധാനങ്ങൾ അടിയന്തരമായി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം 4 മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 5 പ്രകാരം വാർ റൂം രൂപീകരിച്ചുകൊണ്ടും പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചും, പരാമർശം 6 പ്രകാരം സംഭാവനകൾ സ്വീകരിക്കാൻ ബാങ്ക് അക്കൗണ്ടുകൾ തുടങ്ങാൻ അനുമതി നൽകിക്കൊണ്ടും പരാമർശം 7 പ്രകാരം ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ഹെല്പ് ഡെസ്കുകൾ രൂപീകരിച്ചും പരാമർശം 8 പ്രകാരം ഓക്സിജൻ ലഭ്യത ഉറപ്പുവരുത്താനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി കോവിഡ് പ്രതിരോധ പ്രവർത്തന സംവിധാനങ്ങൾ കൂടുതൽ വിപുലമാക്കി ഓരോ രോഗിയിലേക്കും ശ്രദ്ധ എത്തിക്കാൻ സഹായകമായ രീതിയിൽ നിലവിലുള്ള സംഘടനാ സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1.തദ്ദേശ സ്വയംഭരണ സ്ഥാപനതല കോർ ടീം :**

പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും മോണിറ്റർ ചെയ്യുവാനും ഭരണ സമിതി, കോവിഡ് തദ്ദേശ സ്വയംഭരണ സ്ഥാപനതല ജാഗ്രത സമിതി, വാർഡ് തല സമിതി, RRT എന്നിവയെല്ലാം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ചിട്ടയായി ചലിപ്പിക്കുവാനും ഉതകുന്ന രീതിയിൽ ഒരു കോർ ടീം ഉണ്ടാകുന്നത് ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകമാകും. അതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടെ നേതൃത്വത്തിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുതുതായി ലഭ്യമാക്കിയ ഉദ്യോഗസ്ഥർ, സെക്ടറൽ മജിസ്ട്രേറ്റ് എന്നിവരെ ഉൾപ്പെടുത്തി കോർ ടീം രൂപീകരിക്കാവുന്നതാണ്. മൊത്തം പ്രവർത്തനങ്ങളുടെ ഏകോപനം കോർ ടീമിന്റെ ഉത്തരവാദിത്വത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

1.1 കോർ ടീമും പ്രവർത്തന രീതിയും: എല്ലാ ദിവസവും ഇവർ ഒത്തു ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആസൂത്രണം നടത്തുകയും വേണം (ഓൺലൈൻ ആയാലും മതിയാകുന്നതാണ്). മെഡിക്കൽ ഓഫീസർ ഇതിന്റെ ഭാഗമാകേണ്ടതുണ്ടെങ്കിലും അവരുടെ കൃത്യാന്തര ബാഹുല്യം പരിഗണിച്ച് ദൈനം ദിന യോഗങ്ങളിൽ എപ്പോഴും പങ്കെടുക്കേണ്ടതില്ല. പൊലീസ്, ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ പ്രാദേശിക സംവിധാനവുമായി ഈ ടീമിന് ബന്ധം ഉറപ്പ് വരുത്തണം.

1.2 തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രത്യേകമായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് അധ്യക്ഷൻ വ്യക്തമായ ചുമതല നൽകണം. ഇതിനു സഹായകമായ വിവിധ ചുമതലകളുടെ പട്ടിക പരാമർശം 2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് നൽകുന്ന ചുമതലകളുടെ പൂർണമായ ഉത്തരവാദിത്വം അവർക്കുണ്ടാകും എന്ന് ഉറപ്പ് വരുത്തണം.

1.3 പരാമർശം 6-ലെ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനതല ഹെല്പ് ഡസ്ക് പൂർണ സമയം പ്രവർത്തിപ്പിക്കേണ്ടതാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കോവിഡ് വാർ/കണ്ട്രോൾ റൂം :**

1.4 കോർ ടീമിന്റെ നിർദേശങ്ങൾക്ക് അനുസരിച്ച് ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന ഒരു ടീമിനെ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഒരു കോവിഡ് വാർ/കൺട്രോൾ റൂം രൂപീകരിക്കണം. ഗതാഗതം, ഓക്സിജൻ ലഭ്യത, ഹെൽപ് ഡസ്ക് നടത്തിപ്പ്, ബോധവൽക്കരണം, വാർഡ് തല സമിതി റിപ്പോർട്ടിങ്ങ് ഏകോപനം, കോവിഡ് ജാഗ്രത പോർട്ടൽ updation, ടെസ്റ്റിങ്ങ്, വാക്സിനേഷൻ, DCC/CFLTC/CSLTC പ്രവർത്തന ഏകോപനം തുടങ്ങി വ്യത്യസ്ഥ ചുമതലകൾ വഹിക്കുന്ന ടീമിലെ അംഗങ്ങളായിരിക്കണം വാർ റൂമിലെ അംഗങ്ങൾ. ഇതിനായി വാർഡ് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ചുമതലക്കാരെ തീരുമാനിക്കണം. പൊതുജനങ്ങളുടെ സംശയ ദൂരീകരണത്തിനായി രൂപീകരിച്ചിട്ടുള്ള ഹെല്പ് ഡസ്ക് സംവിധാനം ഇതോടൊപ്പം പ്രവർത്തിക്കേണ്ടതാണ്.

1.5 ദൈനം ദിന പ്രവർത്തനങ്ങളിൽ മുഖ്യമായ ഘടകമാണ് വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുക എന്നുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗമായുള്ള ആരോഗ്യ സംവിധാനത്തിൽ നിന്നും ഈ വിവരങ്ങളിൽ ഏറെയും ലഭ്യമാക്കണം. അതോടൊപ്പം ഹോം ഐസോലെഷൻ, വാക്സിനേഷൻ ലഭിച്ചവർ, ഇനിയും വാക്സിനേഷൻ ലഭിച്ചിട്ടില്ലാത്തവർ, ചികിത്സയിലുള്ളവർ, ചികിത്സ പൂർത്തീകരിച്ചവർ, വിവിധ സഹായം ആവശ്യമുള്ളവർ (ഭക്ഷണം, മരുന്ന്, ടെസ്റ്റ് സൗകര്യം, വാഹനം/ആംബുലൻസ്, പൾസ്ഓക്സിമീറ്റർ, ഓക്സിജൻ എന്നിങ്ങനെ), പ്രത്യേക ചികിത്സ ആവശ്യമുള്ളവർ, കിടപ്പ് രോഗികൾ, ദീർഘസ്ഥായീ രോഗമുള്ളവർ (അവരുടെ ആവശ്യങ്ങൾ) തുടങ്ങിയ വിവരങ്ങൾ വിലയിരുത്തുകയും വ്യത്യസ്ഥ സേവനങ്ങൾ ആവശ്യമുള്ളവർക്ക് വാർഡതല പ്രവർത്തകരിലൂടെ യഥാസമയം ലഭ്യമാക്കുകയും ചെയ്യണം.

**2. വാർഡുതല സംവിധാനം**

2.1.വാർഡു തലത്തിലുള്ള കോവിഡ് 19 പ്രതിരോധ - നിയന്ത്രണ പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ, മോണിറ്ററിങ്

എന്നിവയാണ് പ്രധാന ചുമതല. നിലവിൽ ജനപ്രതിനിധിയുടെ നേതൃത്വത്തിൽ RRT/ വാർഡുതല സമിതി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ASHA വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, ജനമൈത്രി പോലീസ് എന്നിവർ നിർണ്ണായക ചുമതലകളാണ് വഹിച്ചു വരുന്നത്. കോവിഡ് വ്യാപനത്തിന്റെ തീവ്രത കണക്കിലെടുക്കുമ്പോൾ നിലവിലുള്ള വാർഡ് തല പ്രവർത്തകരുടെ എണ്ണം പര്യാപ്തമാകണമെന്നില്ല. അതുകൊണ്ട് കൂടുതൽ പേരെ ഉൾപ്പെടുത്തി വാർഡു തല ടീമിനെ വിപുലപ്പെടുത്തുക. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള ഉദ്യോഗസ്ഥർ (പ്രത്യേകിച്ചും അദ്ധ്യാപകർ), കുടുംബശ്രീ CDS/ADS പ്രവർത്തകർ, വായനശാല/സന്നദ്ധ സംഘടന/റെസിഡൻസ് അസോസിയേഷൻ തുടങ്ങി, പ്രസ്തുത ജോലി ഏറ്റെടുക്കാൻ പ്രാപ്തിയുണ്ടെന്നു ഉറപ്പുള്ള പ്രവർത്തന സന്നദ്ധതയുള്ള സന്നദ്ധ സേന പ്രവർത്തകർ തുടങ്ങി അനുയോജ്യരായവരെ ഉൾപ്പെടുത്തി അടിയന്തരമായി വാർഡ് തല സമിതിയെ ശക്തിപ്പെടുത്തുക. പരീക്ഷ കഴിഞ്ഞ സീനിയർ വിദ്യാർഥി-വിദ്യാർഥിനികളെ ഉൾപ്പെടുത്തുവാൻ കഴിയുമോ എന്ന് പരിശോധിക്കാം. NSS, NCC എന്നിവയും പരിഗണിക്കാം. ഓരോരുത്തർക്കും അനുയോജ്യമായ ചുമതലകളാണ് നൽകേണ്ടത്. (ആരോഗ്യ വിഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തകർ നിലവിൽ വാർഡ് തല സമിതി, RRT എന്നിവയിലൂടെ ഉള്ള പ്രവർത്തനങ്ങളിൽ തുടരും).

2.2. വാർഡ് തല സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ലഭ്യമാവുന്നതിനനുസരിച്ച് 2 - 3 ഉദ്യോഗസ്ഥരെക്കൂടി (ഘടക സ്ഥാപന ഉദ്യോഗസ്ഥർ, അധ്യാപകർ etc.) ചുമതലകൾ നൽകി ഉൾപ്പെടുത്തണം.

2.3. വാർഡുതല സംവിധാനത്തിന്റെ ഭാഗമാവുന്നവർക്ക് എല്ലാം പ്രത്യേകം ചുമതലകൾ വാർഡ് തല സമിതി വിഭജിച്ച നൽകണം. (ചുമതലകൾ ഉദാ: രോഗികളുടെ ആരോഗ്യസ്ഥിതി മോണിട്ടറിങ് - മരുന്ന് ലഭ്യമാക്കൽ, മറ്റ് രോഗികൾക്കുള്ള മരുന്ന് ലഭ്യത, പ്രായമായ -ഒറ്റക്ക് കഴിയുന്നവർക്ക് മരുന്ന്, ഭക്ഷണം, കോവിഡ് - പ്രോട്ടോകോൾ ഉറപ്പാക്കൽ etc.). വാർഡ് പ്രവർത്തനങ്ങളുടെ ഏകോപനത്തിന്റെയും റിപ്പോർട്ടിങ്ങിന്റെയും ചുമതല ഒരു ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയ്ക്കുനൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന തല വാർ റൂമുമായി ആശയ വിനിമയം നടത്തേണ്ടത് ഈ വാർഡ് തല നോഡൽ ഉദ്യോഗസ്ഥനൻ/ഉദ്യോഗസ്ഥയിരിക്കും.

**ക്ലസ്റ്റർ സംവിധാനം**

2.4. വ്യാപനം കൂടുതലുള്ള സ്ഥലങ്ങളിൽ ഏകോപന പ്രവർത്തനം മെച്ചപ്പെടുത്താൻ വാർഡിനെ 50 - 60 വീടുകളുള്ള ക്ലസ്റ്ററുകളാക്കി തിരിക്കാവുന്നതാണ്. ഓരോ ക്ലസ്റ്ററിന്റെയും ചുമതല വാർഡ് തല ടീമിലെ അംഗങ്ങൾക്ക് വിഭജിച്ച് നൽകണം. ഈ ചുമതലക്കാർ അവരുടെ ചുമതലയുള്ള വീട്ടുകാരെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ ശേഖരിച്ചു സൂക്ഷിക്കണം. ഒപ്പം വാർഡുമെമ്പറുടേയും ചുമതലയുള്ള പ്രവർത്തക(ൻ)യുടെയും ഫോൺ നമ്പരും വീട്ടുകാർക്ക് നൽകേണ്ടതാണ്.

2.5. ക്ലസ്റ്ററിനുള്ളിലെ കോവിഡ് രോഗികൾ, ക്വാറന്റൈനിൽ കഴിയുന്നവർ, മറ്റ് രോഗികൾ, പ്രായം ചെന്നവർ തുടങ്ങിയവരുമായി നിരന്തരം ബന്ധപ്പെടാനും ആശയ വിനിമയത്തിനും അനുയോജ്യമായ രീതി ക്ലസ്റ്റർ ചുമതലക്കാർ ഉണ്ടാക്കേണ്ടതാണ്. (ഉദാ: ഫോൺ കോൾ/വാട്സാപ് ഗ്രൂപ് തുടങ്ങിയവ)

2.6. ക്ലസ്റ്ററിന് അകത്ത് വരുന്ന കോവിഡ് - 19 രോഗികളുടേയും നിരീക്ഷണത്തിൽ കഴിയുന്നവരുടേയും ആരോഗ്യസ്ഥിതി എല്ലാ ദിവസവും മനസ്സിലാക്കി വാർഡ് ചുമതലക്കാരെയും അതാവശ്യമുള്ള സന്ദർഭങ്ങളിൽ നേരിട്ട് വാർഡ് മെമ്പറെയോ ഹെല്പ് ഡെസ്കിനെയോ തദ്ദേശ സ്ഥാപന തലത്തിലുള്ള വാർ റൂമിനെയോ അറിയിക്കേണ്ട ചുമതല ക്ലസ്റ്റർ ചുമതലയുള്ളവർക്കായിരിക്കും.

2.7. പഞ്ചായത്ത് / നഗരസഭാ തല കോർ ടീം നിർദേശങ്ങൾ വാർഡ് തലത്തിൽ ഏകോപിപ്പിക്കേണ്ടതും പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും വാർഡിലെ ജനപ്രതിനിധിയുടെ ഉത്തരവാദിത്വമായിരിക്കും. വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ജനപ്രതിനിധിയെ സഹായിക്കണം. ഇതിനായി ക്ലസ്റ്റർ ചുമതലക്കാരുടെ വാട്സാപ് ഗ്രൂപ് ഉണ്ടാക്കേണ്ടതാണ്.

2.8. കോവിഡ് പോസിറ്റീവ് ആയവരോടും ഹോം ക്വാറന്റൈനിൽ ഇരിക്കുന്നവരോടും ദിവസവും ബന്ധപ്പെടുന്ന ചുമതല JPHN/ആശ വർക്കർമാർ തുടർന്നും നിർവഹിക്കണം. ക്ലസ്റ്റർ ചുമതലയുള്ളവർ ഈ പ്രവർത്തനങ്ങളിൽ ഇവർക്കു വേണ്ട എല്ലാ പിന്തുണയും സഹായവും നൽകേണ്ടതാണ്.

2.9 വാർഡിൽ കോവിഡ് 19 പ്രോട്ടോകോൾ എല്ലാവരും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വാർഡ് - ക്ലസ്റ്റർ സംവിധാനത്തിന് കഴിയണം. പ്രോട്ടോകോൾ ലംഘനങ്ങൾ സമയാസമയം ബന്ധപ്പെട്ടവരെ അറിയിച്ചു നടപടി എടുക്കാൻ കഴിയണം.

2.10. കോവിഡ് പോസിറ്റീവ് ആയവർ, DCC/CFLTC/CSLTC യിലേക്ക് മാറ്റിയവർ, ഹോം ഐസോലേഷൻ/ക്വാറന്റൈനിൽ ഇരിക്കുന്നവർ, വാക്സിനേഷൻ, ടെസ്റ്റ് എന്നിവയുടെ വിവരങ്ങൾ കൃത്യമായി വാർഡ് തലത്തിൽ രജിസ്റ്റർ തയ്യാറാക്കി കൈവശം ഉണ്ടായിരിക്കുകയും ഇത് ദിവസേന പുതുക്കുകയും വേണം. ക്ളസ്റ്റർ ചുമതലക്കാർ ദിവസവും പ്രസ്തുത വിവരങ്ങൾ ശേഖരിച്ച് വാർഡു ചുമതലയുള്ള ഉദ്യോഗസ്ഥർ/പ്രവർത്തകർക്ക് കൈമാറേണ്ടതാണ്; അവർ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലേക്കും.

2.11 ഹോം ക്വാറന്റയ്നിൽ/ ഐസോലെഷനിൽ ഇരിക്കുന്നവർക്ക് ആവശ്യമായി വരുന്ന മരുന്നുകളും ഭക്ഷണ സാധനങ്ങളും എത്തിക്കുന്നതിന് വാർഡ് ടീമിലെ അംഗങ്ങൾക്ക് ചുമതല വിഭജിച്ച് നല്കണം.

2.12. വാർഡ് ടീം പ്രവർത്തനങ്ങൾ എല്ലാ ദിവസവും ഓൺലൈൻ മീറ്റിങ്ങ് കൂടി മോണിട്ടർ ചെയ്യണം. വാർഡ് ടീമിലെ അംഗങ്ങളുടെ വാട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കി പരസ്പരം ആശയവിനിമയം ഫലപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.13. തദ്ദേശ സ്ഥാപന തലത്തിലുള്ള ഹെൽപ്പ് ഡസ്ക് നമ്പർ വാർഡിലുള്ളവരുടെ അറിവിലേക്ക് എത്തിക്കുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, വായനശാലകൾ, ആരാധനാലയങ്ങൾ തുടങ്ങി സാധ്യമായ എല്ലാ മാർഗങ്ങളും പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. 14. കോവിഡ് രോഗികളുടെ രക്തത്തിലെ ഓക്സിജൻ നില മോണിട്ടർ ചെയ്യൽ പ്രധാനമാണ്. എല്ലാ രോഗികൾക്കും സ്വന്തമായി പൾസ് ഓക്സി മീറ്റർ ഉണ്ടാകണമെന്നില്ല. ആയതിനാൽ വാർഡിൽ പൊതുവായി 2-3 പൾസ് ഓക്സി മീറ്റർ വാങ്ങുന്നത് നന്നായിരിക്കും. ഇത് ആശ പ്രവർത്തകയുടെ ചുമതലയിൽ സൂക്ഷിക്കുകയും ആവശ്യമുള്ളവർക്ക് എത്തിച്ചു നൽകുന്നതിനും ക്രമീകരണം ഉണ്ടാക്കാവുന്നതാണ്. ഇതിന്റെ ഉത്തരവാദിത്തം ആശ വർക്കർമാർ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കണം .

2.15. ക്ളസ്റ്റർ ചുമതലക്കാർ - വാർഡ് ചുമതല - കോവിഡ് വാർ/കൺട്രോൾ റൂം ഈ ശൃംഖല തമ്മിലുള്ള ഏകോപനവും ആശയ വിനിമയവുമായിരിക്കും തദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ശക്തി. ഇതിന് ഹെൽപ് ഡസ്ക്, വാർ റൂം തുടങ്ങിയവയ്ക്ക് സഹായകമായ പ്രവർത്തന, മാർഗ്ഗനിർദേശങ്ങളും പരിശീലന സഹായികളും കില ലഭ്യമാക്കുന്നതാണ്. വാർഡ് തലത്തിൽ ഈ പ്രവർത്തനങ്ങളിൽ പുതിയതായി ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും തദ്ദേശ സ്വയംഭരണ തലത്തിലെ ആരോഗ്യ വിഭാഗം അടിയന്തര പരിശീലനം/ഓറിയന്റേഷൻ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Banikuma

സെക്ഷൻ ഓഫീസർ

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്